**ഓശാന ഞായർ**

**മത്താ 21:1-7**

## വിനയാന്വിതനും വിശുദ്ധീകരിക്കുന്നവനുമായ രക്ഷകൻ

റവ. ഡോ. ബിൻസ് തുമ്പാനത്ത് സിഎംസി

ഈശോയുടെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനവും ദൈവാലയശുദ്ധീകരണവുമാണ് വിശുദ്ധ മത്തായിയുടെ സുവിശേഷം 21:1-17-ലെ പ്രമേയങ്ങൾ. നാലു സുവിശേഷകരും രേഖപ്പെടുത്തുന്നതാണ് ഈ രണ്ടു സംഭവങ്ങളെന്നിരുന്നാലും, മത്തായിശ്ലീഹായുടെ സുവിശേഷം പ്രധാനമായും യഹൂദമതത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരെ ഉദ്ദേശിച്ചാകയാൽ, പ്രവചനങ്ങളുടെ പൂർത്തീകരണമായ രക്ഷകനായി ഈശോയെ അവതരിപ്പിക്കുന്നതിന് ഊന്നൽ നല്കിക്കൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. യഹൂദജനതയുടെ നൂറ്റാണ്ടുകളായുള്ള രക്ഷകനെക്കുറിച്ചുള്ള സാമാന്യകാഴ്ചപ്പാടുകളും, ഈശോയിലൂടെ നിറവേറ്റപ്പെടുന്ന രക്ഷയും പ്രമേയമായി മത്തായിയുടെ സുവിശേഷത്തിൽ കാണുന്നുണ്ട്. അത്തരമൊരു ഭാഗമാണ് മത്താ 21:1-17.

### ഈശോയുടെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനം (21:1-11)

ഈശോയുടെ ജറുസലേം പ്രവേശനം ആഘോഷപൂർവകമായ ഒരു അന്തരീക്ഷമാണ് വെളിപ്പെടുത്തുന്നത്. സോളമൻ രാജാവിനെപ്പോലെ കഴുതപ്പുറത്ത് (1 രാജ 1:38-40) ഏകവിശുദ്ധ നഗരമായ ജറുസലേമിലേക്ക് ഈശോ ആഗതനാകുന്നു. ശിഷ്യന്മാർ കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് വസ്ത്രങ്ങൾ വിരിക്കുന്നു. യേശുവിനെ രാജാവായി പ്രഖ്യാപിക്കുന്ന സൈനികർ ചെയ്തതുപോലെ (2 രാജാ 9:13) വഴിയിൽ വസ്ത്രങ്ങളും, മക്കബേയൂസിന്റെ നേതൃത്വത്തിൽ ദൈവാലയശുദ്ധീകരണം നടത്തിയശേഷം ജനങ്ങൾ ദൈവാലയാങ്കണത്തിലേക്ക് മരചില്ലകളേന്തി പ്രവേശിച്ചതുപോലെ (2 മക്ക 10:7; 1 മക്ക 13:51) മരചില്ലകളും വിരിക്കുകയാണ് ഇവിടെയിപ്പോൾ ജനക്കൂട്ടം. മാത്രവുമല്ല, നഗരവീഥികളിലും ദൈവാലയത്തിനുള്ളിലും യഥാക്രമം ജനക്കൂട്ടവും കുട്ടികളും ഹോശാന ആർത്തുവിളിക്കുന്നു. ഹോശാനാരവങ്ങൾക്കിടയിലും ഈശോയെ വിനയാന്വിതനായി സുവിശേഷകൻ അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. സഹനങ്ങളെ ക്ഷമയോടെ സഹിക്കുന്നവൻ എന്ന മൂലാർത്ഥത്തിൽ ശാന്തനായ (meek), മാന്യനായ (gentle) എന്നിങ്ങനെ അർത്ഥമുൾക്കൊള്ളുന്ന Praus എന്ന ഗ്രീക്ക് നാമവിശേഷണമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വിനയാന്വിതൻ എന്ന മലയാളപദത്തിൽ ഈ അർത്ഥതലങ്ങളെല്ലാം ഉൾക്കൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകൾക്കു മുൻപ് രക്ഷകനെക്കുറിച്ച് ഏശയ്യായും സഖറിയായും നടത്തിയ പ്രവചനങ്ങൾ ഈശോയുടെ ജറുസലേം പ്രവേശനവിവരണത്തിൽ സുവിശേഷകൻ ഉൾച്ചേർത്തിരിക്കുന്നു. സീയോൻ പുത്രിയോട് പറയുക: ഇതാ നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്ക് വരുന്നു. ഏശയ്യാ 62:11-ൽ നിന്നുള്ളതാണ് ജറുസലേമിനെക്കുറിച്ചുള്ള സീയോൻ പുത്രീ എന്ന അഭിസംബോധന. തുടർന്നു വരുന്ന ഭാഗങ്ങൾ സഖറിയാ 9:9-ൽ നിന്നുമാണ്. എന്നാൽ സഖറിയാ 9:9-ലെ പ്രതാപവാനും ജയശാലിയും എന്ന പദങ്ങൾ ഉപേക്ഷിച്ച് വിനയാന്വിതൻ എന്ന പദം മാത്രം ഉപയോഗിച്ചിരിക്കുന്നു. അതു വഴി ക്രിസ്തുവിന്റെ മിശിഹാത്വം, യഹൂദജനത്തിന്റെ മിശിഹാ സങ്കല്പത്തിൽ നിന്നും വ്യത്യസ്തമാണെന്ന് സുവിശേഷകൻ സാക്ഷിക്കുന്നു. ജറുസലേം പ്രവേശനത്തോടുകൂടി സഹനദാസനായി അവിടുന്ന് രൂപപ്പെടുകയാണ് എന്നുള്ള സൂചന നല്കാനും ഈയൊരു പശ്ചാത്തലത്തിൽ സുവിശേഷകന് സാധിക്കുന്നുണ്ട്.

തങ്ങളുടെ ആഹ്ലാദവും, പ്രാർത്ഥനയും, ദൈവത്തോടുള്ള കൃതജ്ഞതയുമാണ് ഈശോയെ എതിരേറ്റ ജനക്കൂട്ടത്തിന്റെ ഹോശാന വിളിയുടെ കാതൽ. അരമായ ഭാഷയിലെ ഹോഷാന എന്ന പദത്തിന്റെ ലിപ്യന്തരണമാണ് ഗ്രീക്കിലും ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ വാച്യാർത്ഥം ഞങ്ങളെ രക്ഷിക്കണേ എന്ന പ്രാർത്ഥനയാണെങ്കിലും, ഹല്ലേലൂയ്യാ പോലെ

ആഹ്ലാദപ്രകടനത്തിനും ഉപയോഗിച്ചിരുന്ന ഒരു പദമാണിത്. സങ്കീർത്തനം 118:25–26–ന്റെ ഉള്ളടക്കമാണ് അവർ ആവർത്തിച്ചത്.

ദൈവസ്തുതിയായും യാചനാപ്രാർത്ഥനയായും ഹോശാനാരവും ഇവിടെ അർത്ഥവത്താണ്. മാത്രവുമല്ല, ഇതൊരു പരസ്യമായ വിശ്വാസപ്രഖ്യാപനം കൂടിയാണ്. ഈശോയെ ദാവീദിന്റെ പുത്രനായും, കർത്താവിന്റെ നാമത്തിൽ വരുന്നവനായും പ്രഖ്യാപിക്കുന്ന ഈ ആർപ്പുവിളികൾക്കൊപ്പം തന്നെ, ഗലീലിയിലെ നസറത്തിൽ നിന്നുള്ള പ്രവാചകനായ യേശുവായും ജനക്കൂട്ടം അവിടുത്തെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നുണ്ട്.

അവൻ ജറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകിവശായി, ആരാണിവൻ എന്ന് ചോദിച്ചു എന്ന് 21:10–ൽ രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായി സുവിശേഷം 2:3–ന്റെ സൂചികയായി കാണുന്നവരുണ്ട്. ഈശോയുടെ ജനനവാർത്തയറിഞ്ഞ് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലേം മുഴുവനും. ഒരിക്കൽ ഈശോയുടെ ജനനമറിഞ്ഞ് അസ്വസ്ഥരായവരിൽ പലരും ഇന്ന് ആരവം മുഴക്കുന്ന ജനക്കൂട്ടത്തോടൊപ്പം ചേർത്തിട്ടുണ്ടാകാമെങ്കിലും, അന്ന് ഹേറോദേസ് രാജാവിനുണ്ടായി അസ്വസ്ഥത ഇന്ന് ദേവാലയത്തിൽവച്ച് പ്രധാന പുരോഹിതർക്കും നിയമജ്ഞർക്കും ഉണ്ടാകുന്നതായി 21:5–ൽ കാണാം.

**ദൈവാലയ പ്രവേശനവും ശുദ്ധീകരണവും**

തങ്ങളുടെ സന്ദേശം ജനമധ്യത്തിലെത്തിക്കുന്ന പഴയ നിയമ പ്രവാചകരുടെ ശൈലിയിലുള്ള ഒരു പ്രതീകാത്മക പ്രവർത്തിയായി ദൈവാലയ ശുദ്ധീകരണം വീക്ഷിക്കാവുന്നതാണ്. മൂന്ന് വൈരുധ്യമായ സംഭവ–കഥാപാത്രങ്ങളിലൂടെയാണ് ഈശോയുടെ ദൈവാലയശുദ്ധീകരണം മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്നത്.

(1) **പ്രാർത്ഥനാലയം x കവർച്ചക്കാരുടെ ഗുഹ:** എന്റെ ആലയം എല്ലാ ജനതകൾക്കുമുമ പ്രാർത്ഥനാലയമെന്ന് അറിയപ്പെടും; എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്ക് മോഷ്ടാക്കളുടെ ഗുഹയോ? എന്ന രണ്ടു പ്രവാചകവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ്, ദൈവാലയാങ്കണത്തിലെ ക്രയവിക്രയക്കാരെ ഈശോ പുറത്താക്കുന്നത്. ബലിമൃഗങ്ങളും നേർച്ചയിടാനുള്ള ഷെക്കൽ നാണയങ്ങളും വിൽക്കുന്നത് നിയമാനുസൃത പ്രവൃത്തിയായിരുന്നെഹ്കിലും, അന്യായലാഭം നേടാനുള്ള അധാർമികവും ചൂഷണപരവുമായ ക്രയവിക്രയങ്ങൾ മൂലമാണ് ദൈവാലയത്തിന്റെ വിശുദ്ധാന്തരീക്ഷത്തിന് ഭംഗം സംഭവിച്ച് അത് കവർച്ചക്കാരുടെ ഗുഹയായി അധഃപതിച്ചത്.

(2) **പുറത്താക്കപ്പെട്ട ക്രയവിക്രയക്കാരും x പ്രവേശനം നിഷേധിക്കപ്പെട്ടവർക്ക് ലഭിച്ച സൗഖ്യവും:** ദൈവാലയാങ്കണത്തിൽ കച്ചവടം നടത്തിക്കൊണ്ടിരുന്നവർ ഈശോയാൽ പുറത്താക്കപ്പെട്ടപ്പോൾ, പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന അന്ധന്മാരും മുടന്തന്മാരും ദൈവാലയാങ്കണത്തിൽ ഈശോയ്ക്കടുക്കലെത്തി രോഗവിമുക്തി പ്രാപിച്ചു. അങ്ങനെ അന്യായമായ ക്രയവിക്രയങ്ങൾ നടന്നിരുന്ന ദൈവാലയാങ്കണം, രോഗസൗഖ്യത്തിന്റെ പുണ്യസ്ഥലമായി ഈശോ രൂപാന്തരപ്പെടുത്തി.

(3) **ഹോശാന ആർപ്പുവിളിക്കുന്ന കുട്ടികളും x രോഷാകുലരാകുന്ന പ്രധാന പുരോഹിതരും നിയമജ്ഞരും:** ഈശോയുടെ വിസ്മയകരങ്ങളായ പ്രവർത്തനങ്ങൾ കണ്ട് കുട്ടികൾ ആർപ്പുവിളിക്കമ്പോൾ, അതേ കാരണങ്ങളാൽ തന്നെ തന്നോട് രോഷാകുലരാകുന്നവർക്കുള്ള മറുപടി, സങ്കീർത്തനം 8:2 ഉദ്ധരിച്ചുകൊണ്ടാണ് ഈശോ പറയുന്നത്. ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ സ്തുതി ഒരുക്കുന്നത് ദൈവമാണ്. നിഷ്കളങ്കതയുള്ളവർക്ക്, ഹൃദയശുദ്ധിയുള്ളവർക്ക്, വിനയമുള്ളവർക്ക് ദൈവപ്രവൃത്തികൾ കാണാനും തിരിച്ചറിയാനും ദൈവത്തെ

പ്രകീർത്തിക്കാനും സാധിക്കും എന്ന സന്ദേശം ഈശോയുടെ ഈ മറുപടിയിൽ സുവ്യക്തമാണ്.

ഈ ത്രിവിധ കർമ്മങ്ങളിലൂടെ യഹൂദജനതയുടെ ജീവിതവും വിശ്വാസവും തമ്മിലുള്ള വൈരുധ്യങ്ങളെ ഈശോ തുറന്നുകാട്ടുകയും തിരുത്തുകയും ചെയ്യുന്നതായി സുവിശേഷകൻ രേഖപ്പെടുത്തുന്നു. ബലികളും ആചാരങ്ങളും പാലിക്കുമ്പോഴും അനീതിയും അന്യായവും തുടരുന്ന ക്രയവിക്രയങ്ങളും, സൗഖ്യം പകരാത്ത ദൈവാലയാങ്കണങ്ങളും, ദൈവസ്തുതികൾ മുഴങ്ങാത്ത ദൈവാലയങ്ങളും, വിനയമില്ലാത്ത വ്യക്തിജീവിതങ്ങളും ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. രക്ഷകനെക്കുറിച്ചുള്ള ശരിയായ ദർശനങ്ങളിലേക്ക് വളരുവാനും ഈ സുവിശേഷഭാഗം ക്ഷണിക്കുന്നു.